പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.375 28.10.2019 ൽ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

ചോദ്യം
ശ്രീ.മോൻസ് ജോസഫ്
ശ്രീ.പി.ജെ.ജോസഫ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പലവ്യഞ്ജനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില കുത്തനെ ഉയരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പലവ്യഞ്ജനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണിയിലുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി വഴി വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. വില വർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പൊതുവിപണിയിൽ വില ഉയരുന്ന അവസ്ഥ മുതലാക്കി ഹോട്ടലുകൾ ഭക്ഷ്യ വസ്തുക്കളുടെ വില ഉയർത്തുന്ന സാഹചര്യത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹോട്ടലുകൾ അമിത വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിയമം മൂലം കർശനമാക്കിയിട്ടുണ്ട്. പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തര പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (സി) | ഇന്ധനത്തിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും വില വർദ്ധനവ് വിപണിയിൽ സൃഷ്ടിച്ചിരിക്കുന്ന വലിയ വിലക്കയറ്റം മറികടക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (സി) | വിപണി ഇടപെടൽ സജീവമാക്കി ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഉത്സവ കാലങ്ങളിൽ ഫെയറുകളും, മാർക്കറ്റുകളും സംഘടിപ്പിക്കുകയും റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി ഇ-പോസ് സംവിധാനം |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുകയും ചെയ്തു വരുന്നു. അരി ഉൾപ്പെടെ 14 ഇനം അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | ഹോട്ടൽ ഭക്ഷണത്തിന്റെ വിലകൂടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ ഹോട്ടൽ ഭക്ഷണവില ഏകീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ടി വിഷയം പ്രായോഗികമല്ലാത്തതിനാൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ